**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3941** **09-10-2025 - ൽ മറുപടിയ്ക്ക്**

**മൃഗക്ഷേമ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മൃഗക്ഷേമ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഏതെല്ലാം സംഘടനകൾ പ്രവർത്തിക്കുന്നുണ്ട്; ആരാണ് ഇത്തരം സംഘടനകൾക്ക് അംഗീകാരം നൽകുന്നത്; പ്രസ്തുത സംഘടനകൾ രജിസ്ട്രേഷൻ നടത്തി പ്രവർത്തിക്കുന്നവയാണോ; വ്യക്തമാക്കുമോ; | (എ) | അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇൻഡ്യയുടെ കണക്കുപ്രകാരം, സംസ്ഥാനത്തെ അംഗീകൃത മൃഗക്ഷേമ സംഘടനകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. സൊസൈറ്റി ഓഫ് രജിസ്ട്രാർ ആണ് പ്രസ്തുത സംഘടനകളുടെ രജിസ്ട്രേഷൻ നടത്തുന്നത്. അതിനുശേഷമാണ് ഇവർ അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയുടെ അംഗീകാരത്തിനായി അപേക്ഷിക്കുന്നത്. സംഘടനകൾക്ക് അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയാണ് അംഗീകാരം നൽകുന്നത്. |
| (ബി) | സർക്കാരിന്റെ മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട വിവിധ പദ്ധതികളിൽ ഈ സംഘടനകൾ സഹകരിക്കാറുണ്ടോ; എങ്കിൽ നിലവിൽ ഇങ്ങനെ സഹകരിക്കുന്ന എത്ര സംഘടനകൾ ഉണ്ടെന്ന് അറിയിക്കുമോ; | (ബി) | ഉണ്ട്.<br><br>പേവിഷബാധ പ്രതിരോധവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലും തെരുവുനായ പ്രശ്നങ്ങളിലും മൃഗക്ഷേമ സംഘടനകൾ വകുപ്പുമായി സഹകരിക്കാറുണ്ട്. പഞ്ചാബ് ആസ്ഥാനമായി പ്രവർത്തിക്കുന്ന CAWA(Compassion for Animals Welfare Association), ഗോവ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന Mission Rabies എന്നീ സംഘടനകളാണ് പ്രധാനമായും വകുപ്പുമായി സഹകരിച്ച് നിലവിൽ തെരുവ് നായ നിയന്ത്രണത്തിനായി സജീവമായി പ്രവർത്തിക്കുന്നത്. സംസ്ഥാനത്ത് 35 സംഘടനകൾ ജില്ലാതലങ്ങളിൽ മൃഗക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലുള്ള "സ്ട്രീറ്റ് ഡോഗ് വാച്ച് എന്ന സംഘടനയ്ക്ക് എ.ബി.സി പ്രവർത്തനങ്ങൾക്കായി AWBI യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (സി) | തെരുവുനായ്ക്കളുടെ സംരക്ഷണം, എ.ബി.സി (അനിമൽ ബെർത്ത് കൺട്രോൾ), തെരുവുനായ്ക്കളിൽ നിന്നു പൊതുജനങ്ങൾക്കു കടിയേൽക്കുന്ന സംഭവങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ ഇത്തരം | (സി) | തെരുവുനായ്ക്കളിൽ നിന്നു പൊതുജനങ്ങൾക്കു കടിയേൽക്കുന്ന സംഭവങ്ങൾ, പേവിഷപ്രതിരോധ മാർഗ്ഗങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ സ്കൂൾ തലത്തിൽ ബോധവത്കരണവും, പ്രസ്തുത വിഷയം |

| | | | |
|---|---|---|---|
| | മൃഗക്ഷേമ സംഘടനകൾ എന്തെല്ലാം പരിഹാര മാർഗനിർദേശങ്ങളാണ് രേഖാമൂലം സമർപ്പിച്ചിട്ടുള്ളത്; ഇത്തരം നിർദേശങ്ങളിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | | പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ചും, CAWA, MISSION RABIES തുടങ്ങിയ സംഘടനകൾ വകുപ്പുമായി രേഖാമൂലം ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ആയതിൻപ്രകാരം വകുപ്പ് ടി വിഷയം സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി SCERT ഡയറക്ടറേറ്റുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത സംഘടനകൾ തെരുവുനായ്ക്കളുടെ വന്ധ്യംകരണം, സംരക്ഷണം, പൊതുജനങ്ങൾക്കു കടിയേൽക്കുന്ന സംഭവങ്ങൾ ചെറുക്കൽ എന്നീ കാര്യങ്ങളിൽ എന്തെല്ലാം ബോധവൽക്കരണ, പ്രതിരോധ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിന് സർക്കാർ അനുമതിയുണ്ടോ; ഇതിനു സംഘടനകൾ പണം മുടക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | 1. തെരുവുനായ്ക്കളുടെ വന്ധ്യംകരണം, സംരക്ഷണം, പൊതുജനങ്ങൾക്കു കടിയേൽക്കുന്ന സംഭവങ്ങൾ ചെറുക്കൽ എന്നീ കാര്യങ്ങളിൽ മിഷൻ റാബീസ്, CAWA(Compassion for Animals Welfare Association) എന്നീ സംഘടനകൾ മൃഗസംരക്ഷണ വകുപ്പുമായി ചേർന്ന് പ്രവർത്തിക്കുന്നു.<br><br>2. സംസ്ഥാനത്ത് മാസ് ഡോഗ് വാക്സിനേഷനായി മിഷൻ റാബീസുമായി ചേർന്ന് വകുപ്പ് MOU ഒപ്പിട്ടിട്ടുണ്ട്. സ്കൂൾതലങ്ങളിൽ പേവിഷബാധയെ കുറിച്ചു ബോധവത്കരിക്കുന്നതിനുവേണ്ടി Mission Rabies തയ്യാറാക്കിയ പാഠഭാഗങ്ങൾ SCERT സിലബസിൽ ഉൾപെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് SCERT ഡയറക്ടറേറ്റുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>3. CAWA എന്ന സംഘടനയ്ക്ക് മാസ് ഡോഗ് വാക്സിനേഷനുള്ള Blanket Permission നൽകിയിട്ടുണ്ട്.<br><br>4. Indian Immunologicals Limited ന്റെ CSR ഫണ്ടുപയോഗിച്ച് തിരുവനന്തപുരത്ത് നെടുമങ്ങാട് മുനിസിപ്പാലിറ്റിയിൽ ഉദ്ഘാടനം ചെയ്യപ്പെടുന്ന പോർട്ടബിൾ എ.ബി.സി യൂണിറ്റ്, CAWA യുടെ സഹകരണത്തോടെയാണ് നടപ്പാക്കുന്നത്.<br><br>5. 2472 സ്കൂളുകളിൽ CAWA എന്ന സംഘടന പേവിഷപ്രതിരോധം സംബന്ധിച്ച ബോധവത്കരണ കാംപയിൻ നടത്തിയിട്ടുണ്ട്. നിലവിൽ പത്ത് ജില്ലകളിൽ (തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, പാലക്കാട്, എറണാകുളം, കോട്ടയം. ആലപ്പുഴ, കണ്ണൂർ, കാസർഗോഡ്.മലപ്പുറം) മിഷൻ റാബീസുമായി സഹകരിച്ച് CAWA പ്രവർത്തിക്കുന്നുണ്ട്. പത്ത് ജില്ലകളിലായി ഇതുവരെ 2639 കമ്മ്യൂണിറ്റി ഔട്ട്റീച്ച് സെഷനുകൾCAWAനടത്തിയിട്ടുണ്ട്<br><br>6. തിരുവനന്തപുരം നഗരത്തിന് പുറമേ, മാണിക്കൽ, പോത്തൻകോട്, വെമ്പായം എന്നീ പഞ്ചായത്തുകളിലും CAWA യുടെ നേതൃത്വത്തിൽ |

| | | | |
|---|---|---|---|
| | | | തെരുവ് നായ്ക്കളിൽ വാക്സിനേഷൻ നടത്തുകയുണ്ടായി. കൂടാതെ തെരുവുനായ ആക്രമണം നേരിട്ട അഞ്ചുതെങ്ങ്, വർക്കല, നന്ദിയോട്, ബാലരാമപുരം എന്നീ പ്രദേശങ്ങളിൽ മൃഗസംരക്ഷണ വകുപ്പിന്റെ നിർദ്ദേശപ്രകാരം ഹോട്ട്സ്പോട്ടുകൾ കേന്ദ്രീകരിച്ച് തെരുവ് നായകളിൽ വാക്സിനേഷൻ നടത്തുകയുണ്ടായി.<br><br>7. ജില്ലാതലങ്ങളിൽ സംഘടനകൾ നടത്തുന്ന പ്രവർത്തനങ്ങൾക്ക് പ്രത്യേക സർക്കാർ അനുമതിയില്ല. കാരണം AWBI യുടെ അംഗീകാരത്തോടെയാണ് ഇവർ പ്രവർത്തിക്കുന്നത്.<br><br>8. സംഘടനകൾ പണം മുടക്കുന്നുണ്ടോ എന്നത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല, |

സെക്ഷൻ ഓഫീസർ

| No | Organization | District |
|---|---|---|
| 1 | SPCA Palghat (Palakkad) | Palakkad |
| 2 | SPCA Cannanore | Kannur |
| 3 | Kozhikode SPCA | Kozhikode |
| 4 | Elephant Welfare Association | Thrissur |
| 5 | SPCA Trichur | Thrissur |
| 6 | SPCA Alappuzha | Alapuzha |
| 7 | SPCA Thiruvananthapuram | Thiruvananthapuram |
| 8 | Karuna SPCA | Ernakulam |
| 9 | The Malabar Animal Lovers Association | Kozhikode |
| 10 | SPCA Kollam | Kollam |
| 11 | SPCA Kottayam | Kottayam |
| 12 | The Elephant Squad & Kennel Club of Kerala | Kollam |
| 13 | SPCA Ayyanthole | Trissur |
| 14 | Veterinarians of Intensive Charitable Emerge (VOICE) | Thiruvananthapuram |
| 15 | SPCA Wayanad | Wayanad |
| 16 | SPCA Malappuram | Malappuram |

| | | |
|---|---|---|
| 17 | Kerala Animal Lovers Association | Thiruvananthapuram |
| 18 | The Bharatiya Govamsa Rakshana & Samvardhan Parishad | Thrissur |
| 19 | PFA Thiruvananthapuram | Thiruvananthapuram |
| 20 | The Bharatiya Govamsa Rakshana & Samvardhana Parishad | Thrissur |
| 21 | The Animal Cruelty & Torture Preventions Squad | Wayanad |
| 22 | Daya Animal Welfare Organisation | Ernakulam |
| 23 | Council for Animals | Kozhikode |
| 24 | Action for Distressed Animals | Thiruvananthapuram |
| 25 | Smart Association | Palakkad |
| 26 | Idukki SPCA | Idukki |
| 27 | People for Animals-Kollam | Kollam |
| 28 | Animal Squad | Wayanad |
| 29 | Shri Balabhattarakeswara Asrama Samithi Trust | Kollam |
| 30 | Animal Rescue Kerala Charitable Trust | Thiruvananthapuram |
| 31 | SPCA Pathanamthitta | Pathanamthitta |
| 32 | | |

| | | |
|---|---|---|
| | PAWS- Thrissur Charitable Trust | Thrissur |
| 33 | Street Dog Watch Association | Thiruvananthapuram |
| 34 | Friends of Animals Kottayam | Kottayam |
| 35 | People for Animals, Thrissur, (PFA) | Thrissur |